ഉണ്ടാക്കൽ തുടങ്ങിയ പദ്ധതികളിലൂടെ 24.62 കോടി രൂപയുടെ ധനസഹായങ്ങൾ. സംസ്ഥാന സർക്കാർ ചെയ്തുവരുന്നുണ്ട്. കൂടാതെ നെൽകൃഷി മിനികിറ്റ് വിതരണം, സംയോജിത നെൽകൃഷി വികസന പരിപാടി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും 179.04 ലക്ഷം രൂപയുടേയും ധനസഹായങ്ങൾ നൽകുന്നുണ്ട്.

(എഫ്)ഉൽപാദനത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും ഉൽപാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്. അതിനാൽ ഇപ്പോൾ നൽകി വരുന്ന സഹായങ്ങൾ ഉൽപാദന വർദ്ധനവിനും സഹായകരമാകുമെന്ന് കരുതുന്നു.

93 (411) നെൽക്കൃഷി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ആദായകരമല്ലാതാകുന്ന ഘടകങ്ങൾ ഏതെല്ലാമാണ്;

(ബി) അതിനുള്ള പ്രതിവിധികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റിന് നൽകാൻ കഴിയുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെൽക്കൃഷി ലാഭകരമാണ്. മറ്റു കാർഷിക വിളകളിൽ നിന്നും ലഭിക്കുന്ന വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ലാഭശതമാനം കുറവായിരിക്കും. അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതക്കുറവ്, ഉൽപാദനോപാധികളുടെ കൂറവ്, ഇതരവിളകളെ അപേക്ഷിച്ച് ലാഭം കുറവാണെന്ന ധാരണ, യഥാസമയം തൊഴിലാളികളെ ലഭിയ്ക്കായ്ക, ശാസ്ത്രീയ രീതിയിലുള്ള കൃഷി നടത്താനുള്ള സൗകര്യക്കുറവ് തുടങ്ങിയവയാണ് ഘടകങ്ങൾ.

(ബി) ശാസ്ത്രീയമായ കൃഷി സംവിധാനം ഏർപ്പെടുത്തുക, അത്യുല്പാദനശേഷിയുള്ള വിത്തുകളും മറ്റുൽപാദനോപാധികളും യഥാസമയം ലഭ്യമാക്കുക, യന്ത്രവൽക്കരണം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക, ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുക, നെൽകൃഷിയിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് പ്രതിവിധികൾ.

(സി) നെൽക്കൃഷി കൂടുതൽ ആദായകരമാക്കുന്നതിനായി സാദ്ധ്യമായ എല്ലാ സഹായങ്ങളും നൽകി വരുന്നുണ്ട്. നെൽക്കൃഷി വികസന ഏജൻസികൾ വഴി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുകയും ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി നടത്തി വരികയും ചെയ്യുന്നു. ഉൽപാദനോപാധികൾ യഥാസമയം ലഭ്യമാകുന്നു. കൂടാതെ വൈദ്യുതി സൗജന്യം, ഉൽപാദന ബോണസ്, താങ്ങുവിലനിശ്ചയിച്ച ശേഷമുള്ള നെല്ലു സംഭരണം, ശാസ്ത്രീയ രീതിയി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള കൃഷി ഉറപ്പാക്കൽ, ചെറുകിട യന്ത്രവൽക്കരണം എന്നിവയും സർക്കാരിന്റെ സഹായങ്ങളാണ്.

94 (412) കൃഷിനാശം നേരിട്ട കർഷകർക്ക് സഹായം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ.എം. ആഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർ ഏതെല്ലാം വിധത്തിലുള്ള കൃഷി നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) നിർദ്ദേശം നൽകിയ പ്രകാരമുള്ള കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിനാശം ഉണ്ടാകുന്നപക്ഷം മുഴുവൻ നഷ്ടപരിഹാരവും ഗവൺമെന്റ് നൽകുമോ;

(ഡി) സർക്കാർ നിർദ്ദേശിക്കാത്ത ഇനത്തിൽപ്പെടുന്ന കൃഷി ചെയ്യുന്നവർക്ക് സഹായം ലഭിക്കാൻ അർഹതയുണ്ടോ;

(ഇ) ഭൂമിയുടെ സ്വഭാവം, ജലസേചന സൗകര്യം മുതലായവ മുൻനിറുത്തി ചെയ്യുന്ന കൃഷികൾക്കും സഹായം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഇല്ല

(സി) കൃഷിവകുപ്പ് 25 ഇനം കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ഡി)&(ഇ) ഉദിക്കുന്നില്ല.

95 (413) റബ്ബർ സംഭരണ പദ്ധതി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെറുകിട നാമമാത്ര കർഷകരിൽ നിന്നും റബ്ബർ സംഭരിക്കുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly